## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 864

06.06.2018 ലെ മറുപടിയ്ക്ക്.

## വാത്സല്യനിധി പദ്ധതി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി പെൺകുട്ടികൾക്കായി ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി വാത്സല്യനിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിത ഭവനരഹിതരും ഭവനരഹിതരും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്; | (ബി) | വകുപ്പ് തയ്യാറാക്കിയിട്ടുള്ള കണക്ക് പ്രകാരം ഭൂരഹിതരായ 38236 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. വിവാഹ ധനസഹായത്തിലൂടെയും മിശ്രവിവാഹ ധനസഹായത്തിലൂടെയും ഉള്ള കുടുംബങ്ങളുടെ കണക്ക് കൂടി ചേർത്താൽ 43282 ഭൂരഹിത കുടുംബങ്ങളും 48154 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുമുണ്ട്. |
| (സി) | അവർക്കായി ഭൂമിയും ഭവനവും നൽകുന്നതിന് പട്ടികജാതി വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ പുതിയ പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2018 – 19 വർഷം |

| | | | |
|---|---|---|---|
| | | | സ്വന്തമായി ഭൂമിയുള്ളവർക്ക് ലൈഫ് പദ്ധതിയിൽ വീട് നിർമ്മിച്ച നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ഇവർക്കായുള്ള ഭവനപദ്ധതി തയ്യാറാക്കിയിട്ടുള്ളത്; എങ്കിൽ 2017-18 ൽ എത്ര ഭവന രഹിതർക്ക് വീട് നൽകിയെന്ന് വ്യക്തമാക്കുമോ? | (ഡി) | ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം പട്ടികജാതി വികസന വകുപ്പ മുഖേനയാണ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. 2017 – 18 വർഷം 8895 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 727 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് 2018-19 വർഷം ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപാവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും LIC of India -യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ 4 ഇൻസ്റ്റാൾമെന്റുകളിലായി താഴെ പറയും പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. 01.04.2017 നു ശേഷം ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| മാനദണ്ഡങ്ങൾ | നിക്ഷേപതുക |
|---|---|
| പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്തത് | ആദ്യ ഗഡു 39,000/- |
| 5 വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രണ്ടാം ഗഡു 33,000/- |
| 10 വയസ്സ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും | മൂന്നാം ഗഡു 36,000 |
| 15 വയസ്സ് പൂർത്തിയായതും 10-ാം തരം പാസ്സായതും | 30,000/- |

**മറ്റ് വിശദാംശങ്ങൾ**

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ രൂപ നൽകുന്നു (Assured Amount)

## LIC നൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

| ആകസ്മിക മരണത്തിന് | | |
|---|---|---|
| വരുമാന ദായകൻ | സാധാരണ മരണം | 2,00,000/- |
| | അപകട മരണം | 4,00,000/- |
| | അപകടം മൂലമുള്ള ഭാഗീകമായ അംഗവൈകല്യം | 1,00,000/- |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000/- |
| | അപകട മരണം | 30,000/- |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ |
| | അപകട മരണം | ലഭ്യമാക്കേണ്ട ഫണ്ട് കുറിച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിന് |

| | | |
|---|---|---|
| | | ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന് ശേഷമാണ് ഇൻഷുറൻസ് കവറേജ്) |
| **വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ** | | |
| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാന്റേർഡ് | തുക |
| പെൺകുട്ടി | 9, 10, 11, 12 | 1200/- രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിയ്ക്കോ | 9, 10, 11, 12 | 1200/- രൂപ ഓരോ വർഷവും |

സെക്ഷൻ ഓഫീസർ